IV സബ്മിഷൻ

1. മാധ്യമപ്രവർത്തകരുമായി ബന്ധപ്പെട്ട സമിതികൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാനത്തെ മാധ്യമ പ്രവർത്തകരുടെ തൊഴിൽ, പ്രൊഫഷണൽ മികവ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട അക്രെഡിറ്റേഷൻ കമ്മിറ്റി, പെൻഷൻ കമ്മിറ്റി, മീഡിയ അക്കാഡമി ജനറൽ കൗൺസിൽ എന്നിവയുടെ കാലാവധി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞതിനുശേഷവും അവ പുനഃസംഘടിപ്പിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഈ കമ്മിറ്റികളിലെല്ലാം വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമ പ്രവർത്തകരാണ് ഉൾപ്പെടുന്നത്. ഇവരുടെ പേരുകൾ നൽകുന്നത് കേരള പത്രപ്രവർത്തക യൂണിയൻ എന്നറിയപ്പെടുന്ന സംസ്ഥാനത്തെ മാധ്യമ പ്രവർത്തകരുടെ ഏക സംഘടനയാണ്. അക്രെഡിറ്റേഷൻ കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളെ ചോദിച്ചുകൊണ്ട് മന്ത്രിയുടെ ഓഫീസിൽനിന്ന് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് പ്രമുഖ മാധ്യമപ്രവർത്തകരുടെ പേരുകൾ പത്രപ്രവർത്തകരുടെ സംഘടനയായ കെ.യു.ഡബ്ല്യു.ജെ. നിർദ്ദേശിച്ചിട്ടുള്ളതായി അറിയുന്നു. എന്നാൽ ഇതനുസരിച്ച് കമ്മിറ്റി പുന:സംഘടിപ്പിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഈ പ്രശ്നം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും കമ്മിറ്റി പുനഃസംഘടന നടത്താൻ തയ്യാറാകുന്നില്ലെന്നതാണ് മാധ്യമ പ്രവർത്തകരുടെ ആക്ഷേപം. ഇത് ദുരുഹമാണ്. മാധ്യമ പ്രവർത്തകർക്ക് അക്രെഡിറ്റേഷൻ ലഭിക്കാത്തതിനാൽ പല വിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. കുറച്ചുനാൾ മുമ്പ് രാഷ്ട്രപതിയുടെ സന്ദർശനം റിപ്പോർട്ട് ചെയ്യാൻ അക്രെഡിറ്റേഷനുള്ള മാധ്യമ പ്രവർത്തകരെ മാത്രമേ അനുവദിച്ചുള്ളൂ. തലസ്ഥാനത്തെ പല പ്രമുഖ മാധ്യമ പ്രവർത്തകർക്കും അക്രെഡിറ്റേഷൻ ലഭിക്കാത്തതിനാൽ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഒടുവിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ സ്വന്തം നിലയിൽ നൽകിയ താൽക്കാലിക അക്രെഡിറ്റേഷൻ കാർഡുപയോഗിച്ചാണ് പലർക്കും രാഷ്ട്രപതിയുടെ സന്ദർശനം റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞത്. ഇത്തരത്തിലുള്ള സംഭവങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുന്ന സ്ഥിതിയാണ് ഇന്നുള്ളത്. മീഡിയ അക്കാഡമി ജനറൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞ വർഷം നവംബർ 29-ന് പൂർത്തിയായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താണ്. അതിനും രണ്ടുമാസം മുമ്പ് ചെയർമാന്റെ കാലാവധിയും പൂർത്തിയായിരുന്നു. പിന്നീട് ആറ് മാസത്തോളം കഴിഞ്ഞാണ് പുതിയ ചെയർമാനെ നിയോഗിച്ചത്. എന്നാൽ ജനറൽ കൗൺസിൽ നിലവിലില്ലാത്തതിനാൽ മീഡിയ അക്കാഡമിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നില്ല. പത്രപ്രവർത്തകരുടെയും വിരമിച്ച പത്രപ്രവർത്തകരുടെയും പെൻഷൻ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പെൻഷൻ കമ്മിറ്റിയുടെ അവസ്ഥയും ഇതുതന്നെയാണ്. സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാത്ത ഈ കമ്മിറ്റികളുടെ പുനഃസംഘടന അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് എത്രയുംവേഗം ഈ കമ്മിറ്റികളുടെ പുനഃസംഘടന നടത്താൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ പത്രപ്രവർത്തകരുമായി ബന്ധപ്പെട്ട് പ്രസ് അക്രെഡിറ്റേഷൻ കമ്മിറ്റി, പത്ര പ്രവർത്തക ക്ഷേമ പെൻഷൻ കമ്മിറ്റി, മീഡിയ അക്കാഡമി കമ്മിറ്റി എന്നീ മൂന്ന് കമ്മിറ്റികളാണുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ ഈ സമിതികളുടെ കാലാവധി കഴിഞ്ഞു. പെൻഷൻ കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞപ്പോൾ ഒരു ഉത്തരവുണ്ടാകുന്നതുവരെ കമ്മിറ്റിയുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുള്ളതിനാൽ അതിന്റെ പ്രവർത്തനത്തിൽ തടസ്സമുണ്ടായിട്ടില്ല. മീഡിയ അക്കാഡമി അങ്ങയുടെ ഭരണകാലത്ത് പ്രസ് അക്കാഡമിയായിരുന്നു. ഇപ്പോൾ വിഷ്വൽ മീഡിയകൾ കൂടി ഉൾപ്പെടുത്തുന്നതിനായി പ്രസ് അക്കാഡമിയുടെ പേര് മാറ്റി മീഡിയ അക്കാഡമി എന്നാക്കി. ബൈലായിൽ മാറ്റം വരുത്തിയത് ലാ ഡിപ്പാർട്ടുമെന്റ് പരിശോധിക്കുകയും ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. ഇത് ലഭിച്ചാലുടൻ മീഡിയ അക്കാഡമിയുടെ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കും. അങ്ങ് പറഞ്ഞതുപോലെ അക്രെഡിറ്റേഷൻ കമ്മിറ്റിയുടെ പുനഃസംഘടനയ്ക്കുവേണ്ടി മാധ്യമ പ്രവർത്തകരുടെ പേരുകൾ ചോദിച്ചിരുന്നത് ലഭിച്ചിട്ടുണ്ട്. അതിൽ കെ.യു.ഡബ്ല്യു.ജെ.-യുടെയും ഐ.എൻ.എസ്-ന്റെയും കെ.ടി.എഫ്-ന്റെയും പ്രതിനിധികളുണ്ടാകും. ഇവരെ ഉൾപ്പെടുത്തി പുനഃസംഘടന എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഈ കമ്മിറ്റികൾ എത്ര ദിവസത്തിനുള്ളിൽ പുനഃസംഘടിപ്പിക്കാൻ കഴിയുമെന്ന് പറയാമോ ?

ശ്രീ. കെ. സി. ജോസഫ് : സർ, രണ്ടാഴ്ചയ്ക്കുള്ളിൽ പുനഃസംഘടിപ്പിക്കാം.

2. ചൈനാ ക്ലേ യൂണിറ്റുമൂലമുള്ള മലിനീകരണം

ശ്രീ. കെ. എം. ഷാജി : സർ, കണ്ണൂർ ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മാടായിപ്പാറയ്ക്ക് താഴെ ഒരു ഗ്രാമം സാവധാനം മരിച്ചുതീരുകയാണ്. ഗവൺമെന്റിന്റെയോ വകുപ്പുമന്ത്രിയുടെയോ പ്രത്യേക ശ്രദ്ധ ആവശ്യമില്ലാത്ത വിഷയമാണിത്. കാരണം പതിറ്റാണ്ടുകളായി നടക്കുന്ന ഒരു നാടിന്റെ സമരം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ഖനന മേഖലയിൽ നിന്നും മഴക്കാലത്ത് ഒലിച്ചിറങ്ങുന്ന സൾഫർ, അലൂമിനിയം, ലിഗ്നൈറ്റ്, ബ്രോമിൻ തുടങ്ങിയ രാസവസ്തുക്കൾ കൃഷിയും കുടിവെള്ളവും നശിപ്പിച്ചും വായു മലിനപ്പെടുത്തിയും ജനങ്ങളിൽ മാരകമായ രോഗങ്ങൾ വിതയ്ക്കുന്നത് ഗവൺമെന്റ് ഏജൻസികളുടെ പഠനങ്ങളിൽപ്പോലും വ്യക്തമാണ്. അവിടത്തെ തൊഴിലാളികളുടെ മാന്യമായ പുനരധിവാസം ഒരു പ്രശ്നം തന്നെയാണ്. അത് വേണ്ടെന്ന അഭിപ്രായം ആർക്കുമില്ല, അത് പരിഹരിക്കുകയും വേണം. എന്നാൽ കുറച്ചുപേർക്ക് തൊഴിൽ ലഭിക്കാൻ വേണ്ടി മരിച്ചുതീരാനുള്ളതല്ല ഒരു ഗ്രാമവും അതിലെ മനുഷ്യരുമെന്ന് നമ്മൾ ഓർക്കണം. ശുദ്ധവായുവും കുടിവെള്ളവും അവരുടെ മൗലികമായ അവകാശമാണ്. അതുകൊണ്ട് ആ ഫാക്ടറി അടച്ചുപൂട്ടി ഒരു നാടിനെ രക്ഷപ്പെടുത്തണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, മാടായിപ്പാറയിൽ ചൈനാ ക്ലേ യൂണിറ്റ് ഉണ്ടാക്കുന്ന മലിനീകരണ പ്രശ്നം വളരെ ഗുരുതരം തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. നിരന്തരമായി എല്ലാ രാഷ്ട്രീയപാർട്ടികളും നിവേദനം തന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ക്യാബിനറ്റ് തീരുമാനമനുസരിച്ച് അവിടത്തെ ഖനന പ്രവർത്തനങ്ങളും പ്രോസസ്സിംഗും തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. അതുപോലെ വൈവിധ്യവൽക്കരണത്തിനും തൊഴിലാളികൾക്ക് വോളന്ററി റിട്ടയർമെന്റിനും വേണ്ടിയുള്ള വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.